# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2429 17.08.2017 -ലെ മറുപടി

**പുതിയ കുഴൽക്കിണറുകളും കുളങ്ങളും പാർശ്വഭിത്തികളും**

**ചോദ്യം** **മറുപടി**

**ശ്രീ. എൻ.എ. നെല്ലിക്കുന്ന്** **മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവവകുപ്പ് ഫണ്ട് അനുവദിച്ചത് പ്രകാരം പുതുതായി എത്ര കുഴൽക്കിണറുകളും കുളങ്ങളും നിർമ്മിച്ചിട്ടുണ്ടെന്നും എത്രയെണ്ണം നന്നാക്കിയിട്ടുണ്ടെന്നും ഓരോന്നിനും ചെലവായ തുക എത്ര വീതമെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | എ) | 2016-17 സാമ്പത്തിക വർഷം 1 കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി കുഴൽകിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും, കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതമായി ഭൂജലവകുപ്പിന് അനുവദിച്ചിരുന്നു. ഇതു കൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. രാജീവ്ഗാന്ധി പദ്ധതിയിൽ കീഴിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ മണ്ഡലം തിരിച്ചുള്ള പട്ടികയും. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി മാർച്ച് 31 വരെ പൂർത്തീകരിച്ച കുഴൽകിണർ കൈപമ്പ് അറ്റകുറ്റപണികളും, ചെലവായ തുകയും സംബന്ധിച്ചുള്ള മണ്ഡലം തിരിച്ചുള്ള കണക്കും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം ഒഴിവാക്കുന്നതിന് പാർശ്വഭിത്തി നിർമ്മിക്കുവാൻ ജലവിഭവവകുപ്പ് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര പാർശ്വഭിത്തികൾ നിർമ്മിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ? | ബി) | പാർശ്വഭിത്തി നിർമ്മാണ പ്രവർത്തികളുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

Reeny

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**